# LITTLE STARS

# GOVT''KVHS,AYIRA

## 2020'2021



# ഉള്ളടക്കം

- ആമുഖം
- തുമ്പപ്പൂവേ
- തത്ത
- സ്നേഹമധുരം
- ഞണ്ടും സർപ്പവും
- കുഞ്ഞിപ്പൂമ്പാറ്റ
- ജീവതാളം
- അമ്മ
- അമ്മ മാനസം
- അമ്മ

# ആമുഖം

പ്രീയപ്പെട്ട കൂട്ടുകാരെ ,....

ഒരു ജനതയ്ക്ക് കരുത്തും ആത്മവിശ്വാസവും നൽകുന്നതിൽ മാതൃ ഭാഷയായ മലയാളത്തിന് നിർണായകമായ പങ്കുണ്ട് .മഹത്തായ ഒരു സാഹിത്യ സമ്പത്തും വിജ്ഞാന സമ്പത്തും നമ്മുടെ മാതൃ ഭാഷയായ മലയാളം ഉൾകൊള്ളുന്നു


സ്വതന്ത്രമായ വായനയ്ക്കും ചിന്തയ്ക്കും സർഗാത്മക ആവിഷ്കാരങ്ങൾക്കും അവസരങ്ങൾ നമുക്ക് ഒരുപാടുണ്ട് .ഭാഷയുടെ പ്രയോഗ സാദ്ധ്യതകൾ മനസിലാക്കാനും രചനകളിൽ ഏർപ്പെടാനുമുള്ള ഒരവസരമായി ഇതിനെ കണക്കാക്കാം . ഈ ഡിജിറ്റൽ മാഗസീനിലൂടെ പുതിയ അനുഭവങ്ങളും അനുഭൂതികളും പകരട്ടെ ..........,

# തുമ്പ പൂവേ

തുമ്പപ്പൂവേ.... തുമ്പപ്പൂവേ....
രാവും പകലും കാണുന്നു നിന്നെ ഞാൻ
രാവും പകലും കാണുന്നു നിന്നെ ഞാൻ
ആടിയും പാടിയും വിളിക്കുന്നു
എന്റെ സ്വപ്നം നീ
തുമ്പപ്പൂവേ.... തുമ്പപ്പൂവേ....
എന്താ നിനക്കി വെള്ളനിറം
തുമ്പപ്പൂവേ.... തുമ്പപ്പൂവേ....
എന്താ നിനക്കി ആരേയും
കൊതിപ്പിക്കുന്ന ഭംഗി

തുമ്പപ്പൂവേ നിനക്ക് എത്ര ഭംഗി
കാറ്റത്ത് വീശും നിന്റെ ഇലകൾ
നല്ല ഭംഗിയാണ് തുമ്പപ്പൂവേ
പാരിന്റെ നന്മയാണ് ഇന്നുനീ
തുമ്പപ്പൂവേ.... തുമ്പപ്പൂവേ....


തത്ത
തത്തേ തത്തേ തത്തമ്മേ ...
തുള്ളി തുള്ളി നടക്കേണ്ടേ
മാവുകൾ പൂത്തു മാങ്ങാ പഴുത്തു
മാവിന് ചുറ്റും കളിവീട്
കൊമ്പുകൾതോറും കേറിയിറങ്ങി
കാവുകൾ തോറും പറന്നു പറന്നു ..
തത്തേ തത്തേ തത്തമ്മേ ...
തുള്ളി തുള്ളി നടക്കേണ്ടേ
കൂട്ടുകൾകൂടി രസിച്ചീടാം
കൂട്ടം കൂടാം മാവിൽ
കൂട്ടിനു വരുമോ തത്തമ്മേ
തത്തേ തത്തേ തത്തമ്മേ
തുള്ളി തുള്ളി നടക്കേണ്ടേ ...


സ്നേഹ മധുരം
ഞാൻ ജനിച്ചു തുടങ്ങിയ മുതൽ
അന്ന് തൊട്ട് എന്റെ അമ്മയെ കണ്ടു
സ്നേഹം കൊണ്ട് എന്നെ പൊതിഞ്ഞു
എന്റെ ഹ്ര്അമ്മ ഇനിയുള്ള ഓരോ
നിമിഷവും ഞാൻ എന്നെ അമ്മയെ
ഓർത്തുകൊണ്ടിരിക്കും ജീവിതാവസാനംവരെ
ഞാൻ എൻ അമ്മയെ സ്നേഹിക്കും
ആദ്യമായി നാവിൽ വന്നൊരു
പേര് കരുതലും തണലും കൊടുത്തു
ഞാൻ എൻ അമ്മയെ സ്നേഹിക്കും
അത് എന്നും പ്രകാശമയമായേരിക്കും
എന്റെ അമ്മെ
Design by All-free-download.com

# ഞണ്ടും സർപ്പവും (കഥ)

ബ്രഹ്മദേത്തൻ  എന്ന ബ്രാഹ്മണൻ യാത്രയ്ക്കായി ഗ്രാമത്തിലേക്കു പുറപ്പെട്ടപ്പോൾ  അദ്ദേഹത്തിന്റ  'അമ്മ  പറഞ്ഞു ."ഉണ്ണി ,നീ ഒറ്റയ്ക്ക് ഇത്രയധികം ദൂര പോകുന്നത്  ശരിയല്ല , ആരെങ്കിലും തുണയ്ക്ക് കൂട്ടണം .ഉണ്ണി അമ്മയെ സമാധാനിപ്പിച്ചു . പേടിക്കണ്ട  'അമ്മ  വഴിയിൽ  ശല്യമൊന്നുമുണ്ടാവില്ല "മകന്റെ ആത്മവിശ്വാസം കണ്ടു 'അമ്മ കുളക്കരയിൽ ചെന്ന് ഒരു ഞണ്ടിനെ എടുത്തുകൊണ്ടുവന്നു ." ഉണ്ണി ഈ ഞണ്ടു തുണ  പോരട്ടെ ." ബ്രാഹ്മണൻ ഞണ്ടിനെ ഒരു കർപ്പൂര ചെപ്പിലടിച്ചു  യാത്ര തുടർന്ന് .ക്ഷീണം തോന്നിയപ്പോൾ  ഒരു മരച്ചുവട്ടിൽ കിടന്നുറങ്ങി . ഈ സമയം  മരപ്പൊത്തിൽ നിന്നും ഒരു പാമ്പു പുറത്തുവന്നു . ഭാണ്ഡത്തിൽ നിന്നും നല്ല സുഗന്ധം ! പാമ്പു ഭാണ്ഡം കടിച്ചുമുറിച്ചു വസ്തുങ്ങൾക്കിടയിലൂട ഇഴഞ്ഞു കർപ്പൂരച്ചെപ്പുതുറന്നു  കർപ്പൂരം തിന്നുതുടങ്ങി .ഈ സമയം ഞണ്ടു പമ്പിന്റ കഴുത്തിൽ കയറി ഇരുന്നു അതിനെ ഇറുക്കികൊന്നു . ബ്രാഹ്മണൻ ഉണർന്നപ്പോൾ ഭാണ്ഡത്തിനടുത്തു സർപ്പം ചത്തുകിടന്നു.


കുഞ്ഞിപൂമ്പാറ്റ
പൂവുകൾ തോറും പാറിനടക്കും പൂമ്പാറ്റേ
പാറി പാറി നടന്നീടും
പല പല വർണ്ണം കാട്ടിടും
നിന്നെ കാണാൻ എന്ത് മനോഹരം
കുഞ്ഞി പൂമ്പാറ്റേ എന്റെ കുഞ്ഞി പൂമ്പാറ്റേ
തേൻ നുകരുവാൻ പൂക്കൾക്ക് ചുറ്റും
പാറി നടന്നീടും കുഞ്ഞി പൂമ്പാറ്റേ
ചിറകടിച്ചു ഉയരുന്നത് കാണാൻ
എന്ത് ഭംഗി
നിന്റെ നിറങ്ങൾ എത്ര മനോഹരം
പൂമ്പാറ്റേ പൂമ്പാറ്റേ പാറി നടക്കും
പൂമ്പാറ്റേ പൂമ്പാറ്റേ പാറി നടക്കും

# ജീവതാളം

എന്റെ തൂലിക തുമ്പിൽ നിന്നക്ഷരം
ഊർന്നിറങ്ങാൻ മടിക്കുന്നതെന്തിനോ !
ആവതില്ലെനിക്കൊന്നും പകർത്തുവാൻ
എവിടയണത്തിന് അവസാനമെന്നും
അറിവതില്ല ഞാനെന്നിലെ നൊമ്പര -
ക്കടലിന്നാഴത്തിൽ ആണ്ടുപോകുന്നുവോ
ജീവിതച്ചൂളയിൽ വെന്തെരിഞ്ഞിടുന്ന
മാനുഷവേഷങ്ങളാണ് നാം
തൻ കളിക്കോപ്പുകളാണവർ വിധിയിൽ
നീറുമീയഭിശപ്ത ജന്മങ്ങൾ ആതുരാലയ
മുറ്റത്തു നിൽക്കുമ്പോൾ കാണൂ ഞാൻ
ക്ഷണികമാം ജീവിതം ആശയറ്റ മുഖങ്ങളിൽ
ദൈനത നിഴൽ പടർത്തുന്ന വേദന പേറുന്നു
കാലം കരാള ഹസ്തം മുറുക്കുന്നു .
പുതിയ ലോകം പടുത്തുയർത്തീടുവാൻ
സ്നേഹമെന്ന സത്യത്തിൽ
കുളിർമയോലുംനിലവിൽ കുളിക്കുവാൻ



# അമ്മ

ഹൃദയത്തിൻ  വിങ്ങലേ  തഴുകികളയും സ്നേഹമായ് 'അമ്മ
ആമിർത്തിറ്റു  വീഴുന്ന  കുഞ്ഞിച്ചെടിക്കളിൽ  സ്വരമേളമ്മ
ജനിച്ചു വീഴുമ്പോൾ  നാവിൽ തട്ടിക്കളിക്കും ആദ്യക്ഷരം 'അമ്മ
ഹൃദയത്തിൽ താളം 'അമ്മ
തെളിഞ്ഞ വെണ്ണിലാവിൻ കുളിരാർന്ന സ്നേഹം 'അമ്മ

അറിയാതെ കേഴും താരകം 'അമ്മ
സഹനത്തിൻ ദേവത 'അമ്മ
പ്രൃത്യാശതൻ  നിറദീപം  'അമ്മ
സ്നേഹത്തിൻ തേൻ കനി 'അമ്മ

കരൾ വിങ്ങി ഒഴുകുന്ന കണ്ണീരു മായ്ക്കുവാൻ
പ്രതിഗാന മന്ത്രമാണമ്മ
കനിവിൻ കടലാണമ്മ
കനിവിൻ പാലാഴി  'അമ്മ

# 'അമ്മ മാനസം



ഒരു ഗ്രാമത്തിൽ ഒരു മകനും അമ്മയും ഉണ്ടായിരിന്നു . ചെറുപ്പത്തിൽതന്നെ ആ കുട്ടിക്ക് തന്റെ പിതാവിനെ നഷ്ട്ടപെട്ടു എന്നാൽ അതിന്റെ ദുഃഖങ്ങൾ അറിയാതെ അവർ അവനെ വളർത്തി .അവർ ഒരു ബ്രാഹ്മണർ ആയിരുന്നു . ആ 'അമ്മ സമ്പന്നരായ ഒരു ബ്രാഹ്മണ കുടുംബത്തിൽ ജോലി ചെയ്തു തന്റെ മകനെ വളർത്തി വലുതാക്കി .അവനു തന്റെ മാതാവിനെ

വലിയ ഇഷ്ടമായിരുന്നു ഒരിക്കൽ ബ്രാഹ്മണ കുടുംബത്തിലെ പെൺകുട്ടി ഇവനെ കണ്ടു . അവർ സൗഹൃദത്തിലായി . അത് പതിയെ പ്രണയമായിമാറി .ആ 'അമ്മ വൃദ്ധ ആയി . ആ അമ്മയെ അവൾക്കു ഇഷ്ടമായിരുന്നില്ല . അതിനാൽ കഠിന ഹൃദയമുള്ള അവൾ പറഞ്ഞു ആ വൃദ്ധയെ കൊന്നു അവരുടെ കരൾ കൊണ്ട് വന്നാൽ അവനെ ഭർത്താവായി സ്വീകരിക്കാം എന്ന്.അവന്റെ ഹൃദയം നുറുങ്ങി അവൻ ദുഃഖിതനായ് കാണപ്പെട്ടു . അവന്റെ ദുഃഖത്തിന് കാരണം അറിഞ്ഞപ്പോൾ സ്നേഹമയിയായ 'അമ്മ തന്നെ കൊല്ലാൻ മകന് അനുവാദം നൽകി . അവൻ അമ്മയുടെ തുടിക്കുന്ന ഹൃദയവുമായി അവളുടെ അരികിൽ എത്തി . പേടിച്ചു വിറച്ചവൾ നിലവിളിച്ചു . അവനെ ഭ്രാന്തൻ എന്ന് മുദ്ര കുത്തി . തന്റെ അമ്മയെ കൊല്ലാൻ പ്രരിപ്പിച്ചവളെ അവൻ കൊന്നു . തന്റെ ഏക വീട്ടിൽ ഏകനായി അവന്റെ അമ്മയെ ഓർത്തവൻ തേങ്ങി

# അമ്മ

ഒഴുകുന്ന  സ്നേഹതരംഗിണിയമ്മ
തഴുകുന്ന  വാത്സല്യ ദീപമാണമ്മ
അതിരുകളില്ലാത്ത  ആകാശയമ്മ
അറിയുന്നതൊരു മന്ത്ര എൻെ അമ്മ
[2]
നേർത്ത നിലാവത്തു പൊഴിയുന്ന മഞ്ഞിൽ
തീർത്ഥ്കണം പോലെ മൊഴിയുന്നൊരമ്മ
അരിമണിത്താലത്തിൽ വിരലെഴുതിക്കുന്ന
ഗുരുവായ് നിറഞ്ഞതും അമ്മയല്ലോ
[2]
ചന്ദനധൂളിയായ് എരിയും മനസ്സിൽ
മന്ത്രസ്വരൂപമായ് ചിരിതൂകുമമ്മ
കരൽനൊന്തിടുമ്പോ   മിഴികളിൽ സ്ന്ഹത്തിൽ
മധുരമാം സാന്ത്വനം ചൊരിയുമമ്മ


THE END
BY
LITTLE KITES STUDENTS